**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2235** | **23.03.2012 -ൽ മറുപടിയ്ക്ക്** |
| **പീഡനത്തിന് ഇരയായ സ്ത്രീകളുടെ പുനരധിവാസം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. എം.എ. വാഹീദ്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. കെ. അച്ചുതൻ** | **ഡോ. എം.കെ.മുനീർ**<br>**( പഞ്ചായത്തും സാമൂഹ്യക്ഷേമവും**<br>**വകുപ്പു മന്ത്രി)** |
| (എ) പീഡനത്തിനിരയായ സ്ത്രീകളെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) ഗാർഹികാതിക്രമങ്ങൾ ഉൾപ്പെടെ പീഡനത്തിനിരയാകുന്ന വനിതകളുടെ പുനരധിവാസ പദ്ധതി പ്രകാരം, പീഢനം മൂലം നിലനിൽപ്പിനും സുരക്ഷക്കും നിരന്തര ഭീഷണി അനുഭവിക്കുന്ന സ്ത്രീകൾക്ക് മാന്യമായി ജീവിക്കാനുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കുക എന്നതിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. പ്രായഭേദമന്യേ സ്ത്രീകൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കി വരുന്നു. താമസസ്ഥലം, ഭക്ഷണം, ചികിത്സ, പഠനാവശ്യങ്ങൾ, ടി വ്യക്തിയെ ആശ്രയിച്ച് കഴിയുന്നവർക്കുള്ള (കുട്ടികൾ, മാതാപിതാക്കൾ) ജീവിതാവശ്യങ്ങൾ, അതിക്രമം മൂലം നഷ്ടപ്പെട്ട വസ്തുവകകൾ പുനഃസ്ഥാപിക്കുന്നതിന്, പീഡനം മൂലം മരണപ്പെട്ട വനിതകളുടെ മക്കളുടെ വിദ്യാഭ്യാസം തുടങ്ങിയവക്കെല്ലാം ധനസഹായമായി പരമാവധി 25,000/- രൂപ അനുവദിച്ചു നൽകി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സാമൂഹ്യക്ഷേമ വകുപ്പു വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് നിർഭയപദ്ധതി. ലൈംഗിക പീഢനത്തിനിരയായ സ്ത്രീകളുടെ പുനരധിവാസത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് കേന്ദ്ര ധനസഹായത്തോടെ സന്നദ്ധ സംഘടനകൾ വഴി "ഉജ്ജ്വല" പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |

| | | |
|---|---|---|
| **(ബി)** | പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | (ബി) യും (സി) യും<br>കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടു കൂടി സന്നദ്ധസംഘടനകൾ വഴി ലൈംഗിക പീഡനത്തിനിരയായവരെ പുനരധിവസിപ്പിക്കാൻ "ഉജ്ജ്വല" പദ്ധതി നടത്തിവരുന്നു. |
| **(സി)** | കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | |

**സെക്ഷൻ ഓഫീസർ**